# പോറലുകൾ

എം. പി. പ്രതീഷ്



പോറലുകൾ

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

1 പോറലുകൾ . . . . . . . . . . . . 4
2 ഒരു കിളിയെക്കുറിച്ച് . . . . . . 5
3 ഇരുട്ടിൽ, കണ്ണാടി . . . . . . . 6
4 മരത്തിന്റെ കഷ്ണം . . . . . . . . 7
പിറവെള്ളം (2020–21) . . . . . . . 8
5 വെളുത്ത ശീല . . . . . . . . . . . 9
6 നീല . . . . . . . . . . . . . . . . . . 10
7 കടലാസ് . . . . . . . . . . . . . . 11
8 അദൃശ്യം . . . . . . . . . . . . . . . 12
9 എല്ലാ ദിവസവും . . . . . . . . . . 13
10 രാത്രിയ്ക്കും മരങ്ങൾക്കും. . . . . . . . 14
11 നീലമഷി . . . . . . . . . . . . . . . 15
12 പാതിരാമുറി . . . . . . . . . . . . 16
13 അടുക്കളയിലെ മരത്തട്ട് . . . 17
14 ദിക്ക് . . . . . . . . . . . . . . . . . . 18
15 ഒരല്പം . . . . . . . . . . . . . . . . . 19
16 നിറം . . . . . . . . . . . . . . . . . . 20
17 പകൽ . . . . . . . . . . . . . . . . 21
18 തുടക്കം . . . . . . . . . . . . . . . . 22
19 കൽത്തൊട്ടിയും വെള്ളവും . 23
20 അറകൾ . . . . . . . . . . . . . . . 24

# 1

# പോറലുകൾ

കിളിയുടെ ശബ്ദം,
മുറിഞ്ഞ ചന്ദ്രനെക്കൊത്തി മടങ്ങി വന്നു,
മുള്ളുകൾക്കും
ഇലകൾക്കും നിഴലുകൾക്കും
ഉച്ചനേരങ്ങൾക്കുമിടയിൽ,
കാടായിരുളുവളർന്ന കരയിൽ ഇരുന്നു.

കിളിയുടെ ശബ്ദം,
എന്റെ കോണിപ്പടിയിലും
അടച്ച പുസ്തകത്തിനുള്ളിലും
മടക്കിയ തുണികളിലും.

എന്റെ കൈവെള്ളയിൽ,
കിളിയുടെ ശബ്ദം
രാത്രികളുടെ ചെറിയചെറിയ
പോറലുകൾ ഉണ്ടാക്കി.

## 2

# ഒരു കിളിയെക്കുറിച്ച്

എല്ലാ വീടുകളുടെയും ജനാലയ്ക്കൽ
വന്ന് ഇരിക്കുന്നു.
വെളിച്ചത്തിൽ കാഴ്ചയില്ലാത്ത വലിയ
കണ്ണുകളും ആൽമരത്തിന്റെ വേരുകൾ
പോലെ പടർന്ന
കാൽനഖങ്ങളും അതിനുണ്ട്.
അത് മിണ്ടില്ല. മുരളുന്നു.
അത് ചിരിക്കില്ല. ഒരു ചൂളം പുറപ്പെടുവിക്കുന്നു.
അതിന് നൂറു വയസ്സുണ്ടായിരിക്കും.
അതിന് നാന്നൂറ് വയസ്സുണ്ടായിരിക്കും.
കുട്ടികൾ വിരലുനീട്ടിയതിനെത്തൊട്ടു.
വളർത്തുമൃഗങ്ങൾ അടുത്ത മുറിയിൽ ഒളിച്ചു.
വയസ്സായവർ മണം പിടിച്ചു.
ഉച്ചയിൽ വീണ്ടും വീണ്ടും വന്നു.
ഇരുട്ടുമ്പോൾ അലിഞ്ഞു പോയി.
കാണാതായി.
എല്ലാ തെരുവിലും
എല്ലാ ജനാലയിലും ഒരേ നേരത്ത്.
എല്ലാ ജനാലയിലും ഒരേ ഇരിപ്പ്.

കുട്ടിക്കാലത്ത് എന്നോ ഒരുനാൾ
ഞാനതിനെ തിരഞ്ഞുതിരഞ്ഞു ചെന്നു.
നഗരത്തിന്റെ വക്കിൽ,
കാടുകൾ തുടങ്ങുന്നിടത്ത്,
പുരാതനമായൊരു മരത്തിൽ,
അതിന്റെ പൊത്തു കണ്ടു.
രാത്രിയാവുന്നതും ആ കിളി
മടങ്ങിവരുന്നതും കാത്ത്
ഞാൻ നനഞ്ഞ മരച്ചില്ലയിൽ
മുറുക്കെപ്പിടിച്ചുനിന്നു.

# 3

## ഇരുട്ടിൽ, കണ്ണാടി

ഇരുട്ടിൽ, കണ്ണാടിയിൽ ഞാനെന്റെ
ദേഹം കണ്ടു-
പാറക്കെട്ടുകളിൽ വന്നിടിക്കുന്ന വഞ്ചി.
അടിത്തട്ടിലൂടെ നീങ്ങുന്ന സ്രാവുകൾ.
തുരുമ്പിച്ച നങ്കൂരം.
എല്ലായിടത്തും വളരുന്ന പായൽ.
കല്ലുകളിലും മരപ്പലകയിലും
ഇരുമ്പിലും അതിന്റെ
കെടാത്ത പ്രകാശം.

## 4

# മരത്തിന്റെ കഷ്ണം

കുമിള്
പായല്
വെയിലിൽ വെള്ളവും
തീയും കലർന്ന
നിറത്തിൽ, അണഞ്ഞ
വെളിച്ചത്തിൽ, ആളുന്ന
ശ്വാസത്തിൽ,
വേഗത്തിൽ
വളരുന്ന
മരണങ്ങൾ

# പിറവെള്ളം (2020–21)

# 5

## വെളുത്ത ശീല

വെളുത്ത ശീലയിലാണ് മണ്ണു വീഴുന്നത്
ശീലയ്ക്കടിയിലെ ശരീരം അതറിയുകയില്ല
കുഴിയിൽ മറ്റൊന്നിനും നിൽക്കാനിടമില്ല
ആറോ ഏഴോ വയസ്സുള്ളപ്പോൾ
പഴയ വീടിന്റെ
മുകൾനിലയിലെ ചെറിയ ജനവാതിലിലൂടെ
നോക്കുമ്പോൾ
കറുത്ത ചെടികൾക്കും ഇരുണ്ട
മണ്ണിനുമിടയിൽ
പറമ്പിന്റെ അറ്റം
ഒരു ചെറിയ മുറിവുപോലെ ചുവന്ന്
കട്ടച്ച ചോരപോലെ എന്തോ ഒന്ന്

# 6

## നീല

രണ്ടു ചിറകിലും
കടൽ വേർപെടുത്തിയ
രണ്ടു നാട്ടുകൾപോലെ
മഷിപടർന്നുനിന്നു

കടലാസു ചുരുൾ
നിവർത്തുമ്പോഴുള്ളിൽ
നീലിച്ച ശലഭത്തിന്റെ
നൃത്തം,
കണ്ടു

## 7

# കടലാസ്

രാത്രികൾക്കിടയിൽ
മൃഗങ്ങൾ
നനഞ്ഞുനിൽക്കുന്നു

കുളമ്പുകൾക്കിടയിൽ
ശിഖരങ്ങൾക്കിടയിൽ
രാത്രികൾ രാത്രികൾക്കിടയിൽ

തൊടുന്നില്ല
വിരലുകളില്ല

ഈ കടലാസുകൊണ്ട്,
ചതുപ്പിൽനിന്ന്
വെള്ളവും ചോരയും
ഒപ്പിയെടുത്തുകൊണ്ടിരുന്നു

# 8

## അദൃശ്യം

ചീവീടുകളാണ് കാടുണ്ടാക്കുന്നത്
ചോലകൾ, മീനുകൾപോലെ
ചീവീടുകളാണ് ഇരുട്ടുണ്ടാക്കുന്നത്
സൂര്യൻ,  മേഘങ്ങൾ പോലെ

ചീവീടിനുള്ളിലീ
ച്ചീവീടിനുള്ളിൽ
ഉറങ്ങുന്ന ചന്ദ്രനും
ഉണരുന്ന ചന്ദ്രനും
ഉറങ്ങാച്ചന്ദ്രനും
ഉണരാച്ചന്ദ്രനും

ചിറകുള്ളവയുടെയെല്ലാം ചിറകുകൾ
ഈയുടലിൽനിന്നു
മുളച്ച
പറന്നത്
ചുഴലിക്കാറ്റ്, പാതിരാ
ശലഭങ്ങൾ,
ചെറിയ വിത്തുകൾ

മെല്ലെത്തിരിഞ്ഞു വലംവക്കുന്നു,
ചിറകുകൾ പൂട്ടിവച്ച്
ഭൂമി,
ആ മരത്തിന്റെയീമരത്തിന്റെ
യങ്ങേമരത്തിന്റെ
യിങ്ങേമരത്തിന്റെ
യില്ലാമരത്തിന്റെ ചില്ലയിൽ
രാവും പകലുമുണ്ടാവുന്നു
കാലങ്ങൾ പകരുന്നു

ചുറ്റിപ്പടർന്ന സ്വരങ്ങൾക്കുമുള്ളിൽ
കാണാതെ കാണാമരങ്ങൾ വളരുന്നു
ഉറയാതെ നെടുമഴക്കാലങ്ങൾ വളരുന്നു
കരുണയുടെ തരികൾ
വളരുന്നു

പരാഗങ്ങൾ,
പശി,
പ്രാചീനമായ നിദ്രകൾ,
ഇരുണ്ട ശിഖരങ്ങളിലൊട്ടിയ
കണ്ണാടിച്ചില്ലുപോലവ പാർക്കുന്നു,
വഴുതുന്ന ഗുഹാ
മുഖത്തിന്റെയീർപ്പമാണെന്നിൽ
വീഴ്ത്തുന്നു

വെള്ളം കൊണ്ട്
കഴുകിക്കഴുകിത്തുറന്ന മുറിവിൽ
ഒച്ചയിറ്റുമ്പോൾ
പതുക്കെയുണങ്ങുന്നു
പതുക്കെയുണങ്ങുന്നു ഞാൻ

അവയുടെ പ്രാർത്ഥനയിൽ,
എവിടെനിന്നെവിടെനിന്നിതെന്നു
തിരഞ്ഞുതിരഞ്ഞു ദൈവം,

ഓരോ മരച്ചുവട്ടിലും
കാതുകൾ
അഴിച്ചുവച്ചു

## — 9 —

# എല്ലാ ദിവസവും

എല്ലാ ദിവസവും കുന്നിഞ്ചെരിവിലേക്ക്
പോവുന്നു,
പുരാതനമായ പാറകളിലും
കാട്ടുചെടികളിലും
ഇന്നത്തെ വെളിച്ചം വീഴുന്നത് കാണുവാൻ
പ്രാണികൾ ചിറകുരയ്ക്കുന്നതു കേൾക്കുവാൻ

# 10

# രാത്രിയ്ക്കും മരങ്ങൾക്കും ഇടയിൽ

പുളിയിലകളുടെ നിഴൽ
പുളിയിലകളായി
മണ്ണിൽക്കിടന്ന
ഒറ്റപ്പകലുകൊണ്ടലിഞ്ഞുപോ,
യവയെല്ലാം
രാത്രി, പുളിയിലകളുടെ വെളിച്ചം
പുളിയിലകളായി തെഴുത്തുവന്ന
ഈ പുളിമരത്തിൻ കൊമ്പിൽ

# 11

## നീലമഷി

(കരുണാകരൻ)

വേഗം കൂടിയ ബസ്സിന്റെ ജനലരികു സീറ്റിൽ
തുറന്നു പിടിച്ച പുസ്തകത്തിനുള്ളിൽ
ഓരോ ദിവസവും
രണ്ടു നേരവും

അയാൾ പക്ഷികളെയും
മനുഷ്യരെയും നോക്കി
നിരത്തു വക്കിൽ നിൽക്കുന്നതുകണ്ടു
പഴയ കത്തുകൾക്കടിയിൽ
അവസാനത്തെ വരിയിൽ
നാടുവിട്ടു പോയൊരാൾ
 ചെന്നുനിൽക്കുന്നതുപോലെ

നഖങ്ങൾ
മുറിഞ്ഞ വിരലുകൾ
ഉണക്കിവെച്ച ഈന്തപ്പഴങ്ങൾ
ചെവികൾക്കു പിന്നിലെ വെള്ളത്തിൻ നനവ്
ഇടത്തോട്ടു സഞ്ചരിക്കുന്ന ലിപികൾ

ഇതായിരുന്നു എന്റെ വീട്
ഈ തോട്ടുവക്കിൽ ഞാൻ
ഇരിക്കാറുണ്ടായിരുന്നു
ഉയർന്ന മരങ്ങളും ഇരുട്ടുള്ള ഇടവഴികളും

അയാൾ മുന്നിൽ വന്നുനിൽക്കുന്നു
കൈ നിവർത്തിക്കാട്ടി
തുളകൾ വീണ ആകാശം കാണിക്കുമ്പോലെ
നീലമഷി പുരണ്ട ശീല കാണിക്കുമ്പോലെ

## 12

# പാതിരാമുറി

ആ ചെരിവിൽ
ആ വീടിന്നുമേലെ മാത്രം
മിന്നലുകൾ, കാറ്റിലണയാത്ത
തീയിന്റെ നാരുകൾ
വന്നുവീണു ചിതറി

ഇടവിട്ടിടവിട്ടു തെളിയുന്ന
പാതിരാമുറിക്കുള്ളി,
ലുണങ്ങാത്ത
ഉള്ളുട്ടപ്പകൾപോലെ
ജനാലയ്ക്കരികിൽ
ഒരാളുണർന്നു വന്നുനിന്നു

എല്ലാ ദിവസത്തെയും മാതിരി
മിന്നലും ജനാലയും അയാളും
വീടും പതിയെ ഇരുട്ടിൽ
അലിഞ്ഞലിഞ്ഞു പോവാൻതുടങ്ങി

## — 13 —

# അടുക്കളയിലെ മരത്തട്ട്

ചെറിയ അളുക്കിൽ ഇട്ടുവച്ച
മരിച്ചുപോയവരുടെ പിറുപിറുപ്പുകൾ

# 14

## ദിക്ക്

മുണ്ടിന്റെ ഒരറ്റത്ത് ഒരു കെട്ട്
ശരീരത്തിന്റെ ദിക്കിന് ഒരടയാളം

# 15

## ഒരല്പം

പുകക്കുഴലുകൾ
സാധാരണമായ വാക്യങ്ങളിൽനിന്ന്
ഒരൽപ്പം എകരത്തിൽ

## 16

# നിറം

ഇതാണ് എന്റെ നിറം
ചുറ്റിപ്പിണഞ്ഞ സർപ്പക്കളങ്ങൾ

# 17

# പകൽ

ഇവിടെ കിളികളില്ല
അവക്കൊപ്പം  പോയ സൂര്യനും
മടങ്ങിവന്നിട്ടില്ല
ഞാൻ തണുത്ത ചന്ദ്രക്കലയുടെ
കീഴെ നിൽക്കുന്നു

## 18

# തുടക്കം

തോടിന്റെ പള്ളയിൽ പൊത്തുകൾ
പൊത്തിനുള്ളിൽ കൊമ്പുള്ള മീനുകൾ
ഞാൻ തുടക്കം തൊട്ടുള്ളതെല്ലാം
ഓർമിക്കുന്നു
മലഞ്ചെരുവിലെ ആ നീർവായയും

## 19

# കൽത്തൊട്ടിയും വെള്ളവും

മേൽപ്പാലങ്ങൾക്കടിയിൽ,
തീവണ്ടിനാരുകൾക്കു പിന്നിൽ,
ചുറ്റിലും ചതുപ്പുള്ള കരയിൽ,

ഒറ്റയ്ക്കു നിൽക്കുന്ന വീട്,
തറയോടു പാകിയ മുറ്റം,
നീണ്ടുനീണ്ടുപോവുമോവുചാല്,

കൊമ്പുകളിൽപ്പാർക്കുന്ന പറവകൾ,
ആർത്തലയ്ക്കുന്ന ചീളുകൾ കൊണ്ട്
വിറയോടുറങ്ങാത്ത പാതിര,
തോലടർന്ന മരങ്ങളിൽ, ഇലകളിൽ,
തെറിച്ച പറ്റിയുണങ്ങിയ ചോര,
താഴെ വീണ പിടയ്ക്കുന്ന ശിരസ്സ്
അനക്കമില്ലാതെയാവുന്നതുവരെ

ഓരോ ദിവസവും
ഉലയുന്ന കാടുകൾ
ഓളം കൊള്ളുന്ന വെള്ളം
കുഴഞ്ഞുകിടക്കുന്നിരുള്

മരത്തിന്റെ പിടിയുമിരുമ്പുചിറ്റും
വീതിയും മൂർച്ചയുള്ള കത്തി,
കഴുകി വൃത്തിയാക്കിയ
അരയോളം പൊക്കമുള്ള കല്ല്,

വെളിച്ചമുള്ള മാളങ്ങളിൽ
ഇര തേടിയിറങ്ങിയ ആ മനുഷ്യൻ
മടങ്ങി വരുന്നത് കാത്ത്,

കല്ലിൽ വെട്ടിയ വരകൾ,
വലിയ കൽത്തൊട്ടിയിൽ വെള്ളം

## 20

# അറകൾ

ശബ്ദങ്ങളുടെ
കാണാൻ വയ്യാത്തത്ര ചെറിയ
തരികൾ കൂടി
വെള്ളത്തിനും വെയിലിനുമൊപ്പം,

താഴെ വീണ പൊട്ടുന്ന ചില്ല്
കാറ്റുകളുടെയും കാറുകളുടെയും മുരൾച്ച
മനുഷ്യരുടെയും ദൈവങ്ങളുടെയും
കരച്ചിൽ
മാന്ത്രികരുടെയും പറവകളുടെയും
പിറുപിറുപ്പ്
തകരത്തിന്റെ വീടുകൾ
കത്തുന്ന ചൂള
ഷഡ്പദങ്ങൾ
നടത്തം


പൊടിപടലങ്ങൾക്കും
മൃഗങ്ങളുടെ ശ്വാസത്തിനും
ഭൂചലനങ്ങൾക്കും
ഒപ്പം സസ്യങ്ങൾ
അതിന്റെയറകളിൽ
സൂക്ഷിച്ചു വെക്കും
തരിതരികളായി, ശബ്ദത്തെ

ചതുപ്പിലേക്ക് കടപുഴകിയ ഒരു മരത്തിന്റെ
പൂതലിച്ച ദേഹത്ത്
അമർന്നുനിന്നപ്പോൾ,
ആ മനുഷ്യൻ കേൾക്കുന്നു

ഭൂമിയുടെ മുഴുവൻ മിണ്ടൽ

□

# എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റ രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014